Lalith Babu

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്—വിവരാവകാശ നിയമം 2005—വിവരാവകാശ നിയമമനുസരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിലെ എല്ലാ കുടുംബാംഗങ്ങൾക്കും ഫീസിളവ് നൽകികൊണ്ട്—ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(കൈ) നമ്പർ 326/2011/തസ്വഭവ. തിരുവനന്തപുരം, 2011 ഡിസംബർ 27.

---

പരാമർശം:—(1) 9-5-2006-ലെ 11259/സിഡിഎൻ 5/06/പൊഭവ. നമ്പർ സർക്കാർ വിജ്ഞാപനം.

(2) 16-8-2007-ലെ സ.ഉ. (കൈ) നമ്പർ 198/07/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ്.

(3) ഗ്രാമവികസന കമ്മീഷണറുടെ 5-1-2011-ലെ 30533/പിഐഒ./10/ഗ്രാ.വി.ക. നമ്പർ കത്ത്.

### ഉത്തരവ്

വിവരാവകാശ നിയമപ്രകാരം വിവരം ലഭിക്കുന്നതിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർ ഫീസ് ഒടുക്കേണ്ടതില്ലായെന്ന് പരാമർശം (1) പ്രകാരവും ആയതിനായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർക്ക്, സാക്ഷ്യപത്രം നൽകുന്നതിന് അതാത് സ്ഥലത്തെ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്. മേൽ ആനുകൂല്യം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കണമെന്ന് ആവശ്യമുയരുകയും ആയതിന്മേൽ പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പരാമർശം (3) പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഫീസിളവ് ലഭിക്കുന്നതിന് അപേക്ഷകൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ ഗൃഹനാഥൻ/നാഥ ആയിരിക്കണമെന്ന് നിർബന്ധമില്ലെന്നും അപേക്ഷകൻ പ്രസ്തുത കുടുംബാംഗമായിരുന്നാൽ മതിയെന്നും ഇതിനായി നൽകുന്ന സാക്ഷ്യപത്രത്തിൽ ഗൃഹനാഥൻ/ഗൃഹനാഥയുമായുള്ള ബന്ധംകൂടി രേഖപ്പെടുത്തി സാക്ഷ്യപത്രം നൽകുവാൻ അതാത് സ്ഥലത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടും സർക്കാർ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ആർ. സുലോചന,

ഡെപ്യൂട്ടി സെക്രട്ടറി.